നാഷണൽ ഹൈവേയിലെ റോഡുകളുടെ അറ്റകുറ്റപ്പണി

36 (1975) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കാത്തതുമൂലം ദിനംപ്രതി അപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നാഷണൽ ഹൈവേയിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(സി) കാലവർഷം ആരംഭിച്ചതോടെ റോഡുകൾ വളരെവേഗം കുണ്ടും കുഴിയുമായി മാറുന്ന സാഹചര്യംകൂടി കണക്കിലെടുത്ത് നാഷണൽ ഹൈവേയിലെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നാഷണൽ ഹൈവേയിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിവരുന്നുണ്ട്.

ദേശീയ പാതകളുടെ വികസനം

37 (1976) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് പത്താം പദ്ധതിയിൽ എന്തു തുക ആവശ്യമായിരുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പത്താം പദ്ധതിയിൽ ഈ ആവശ്യത്തിന് കേന്ദ്രം എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) കേന്ദ്രത്തിൽ നിന്ന് ആവശ്യമായ മുഴുവൻ തുകയും ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,711 കോടി 31 ലക്ഷം രൂപ.

(ബി) 2002-2003-ൽ 70 കോടി രൂപ ; 2003-2004-ൽ 75 കോടി രൂപ.

(സി) 2002-03, 2003-04 വർഷങ്ങളിൽ കേന്ദ്രത്തിൽനിന്ന് ലഭിച്ച തുക കേരളത്തിലെ ദേശീയ പാതകളുടെ സമഗ്ര വികസനത്തിന് അപര്യാപ്തമായതിനാൽ മറ്റുപദ്ധതികളിലൂടെ ഇതിലേക്കായി കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly